**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.135          11.02.2013 – ൽ മറുപടിയ്ക്ക്

# കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>,, എം.എ. ബേബി<br>,, എം. ചന്ദ്രൻ<br>ഡോ. കെ.ടി. ജലീൽ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഏതെല്ലാം നാണ്യവിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) അടയ്ക്ക, കൊക്കോ, കാപ്പി, ഏലം, കുരുമുളക്, ഇഞ്ചി, വാനില എന്നീ നാണ്യവിളകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) നാണ്യവിളകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (സി) ആഗോള സാമ്പത്തിക മാന്ദ്യം മൂലം വിളകളുടെ വിലയിടിവ് കാരണം കാർഷിക സാമ്പത്തിക മേഖലയിൽ ഉണ്ടാകുന്ന ദോഷവശങ്ങളിൽ നിന്നും കർഷകരെ രക്ഷിക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. ഓരോ വിളകളുടെയും വാർഷിക പ്രൈസ് സ്പെക്ട്രം ബാന്റ് നിശ്ചയിച്ചതിന് ശേഷം, നെഗറ്റീവ് പ്രൈസ് ഫ്ളക്ചേഷൻ (വിലയിലനുഭവപ്പെട്ട മാന്ദ്യം) അന്താരാഷ്ട്ര സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമാണെന്ന് കാണുന്നുവെങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകളെ കാർഷികോൽപ്പാദന കമ്മീഷണർ അദ്ധ്യക്ഷനായിട്ടുള്ള ഹൈപവേർഡ് കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി സാമ്പത്തിക സഹായത്തിന് പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | വിലയിടിവ് നേരിടുന്ന നാണ്യവിളകൾ ഏതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നാണ്യവിളകളിൽ ഇപ്പോൾ ഇഞ്ചിക്കാണ് വിലയിടിവ് നേരിട്ടുകൊണ്ടിരിക്കുന്നത്. |
| (ഇ) | ഇത്തരം നാണ്യവിളകളെ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? | (ഇ) | കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി പ്രകാരം ഈ വർഷം ഇഞ്ചികൃഷിക്കുണ്ടായ വിലയിടിവിനെ പ്രതിരോധിക്കുന്നതിനായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ